**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 17** **27-06-2022 - ൽ മറുപടിയ്ക്ക്**

**സ്വർണ്ണ കള്ളക്കടത്ത് കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ ഒത്താശയോടെ സ്വർണ്ണ കള്ളക്കടത്ത് കേസ് പ്രതികളുമായി ഒത്തുതീർപ്പ് ചർച്ചകൾ നടത്തുന്ന രീതിയിൽ നിയമവാഴ്ച തകരാൻ ഇടയായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ; | (എ) | സ്വർണ്ണ കള്ളക്കടത്ത് തടയുവാനും കേസ് എടുക്കാനും അധികാരമുള്ള ഏജൻസി കസ്റ്റംസ് വകുപ്പാണ്. ഇത് കേന്ദ്ര ലിസ്റ്റിലെ വിഷയവുമാണ്. ഇക്കാര്യത്തിൽ സംസ്ഥാനത്തെ ഉദ്യോഗസ്ഥർ ആരും അവിഹിതമായി ഇടപെട്ടതായ ഒരു സംഭവവും ശ്രദ്ധയിൽ പെട്ടിട്ടില്ല. അത്തരം ഏതെങ്കിലും സംഭവം ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഇക്കാര്യത്തിൽ ഇടനിലക്കാരുമായി വിജിലൻസ് ഡയറക്ടർ നിരവധി തവണ സംസാരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടിയാനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | (എ) യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സ്വർണ്ണ കള്ളക്കടത്ത് കേസ് പ്രതികളുമായി ഒത്തുതീർപ്പ് ചർച്ചകൾ നടന്നതായി പറയപ്പെടുന്ന സംഭവത്തിൽ ഉന്നതതല ഗൂഢാലോചനയുണ്ടോ എന്ന് അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) | (എ) യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ